2025
NOVEMBER
19
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# യൂറോപ്യൻ വിപണിയും ഓസ്ട്രേലിയയും കീഴടക്കാൻ ഇന്ത്യൻ ചെമ്മീൻ

**മുംബൈ:** ഇന്ത്യൻ ചെമ്മീൻ കൂടുതലായും കയറ്റുമതി ചെയ്തിരുന്ന അമെരിക്ക ഇന്ത്യയ്ക്കെതിരെ കൂടുതൽ നികുതി ഈടാക്കി തുടങ്ങിയതിനെ തുടർന്ന് യൂറോപ്യൻ യൂണിയനിലും ഓസ്ട്രേലിയയിലും വിപണി സാധ്യത തേടുകയാണ് ഇന്ത്യ. യൂറോപ്യൻ യൂണിയൻ, റഷ്യ, ഓസ്ട്രേലിയ തുടങ്ങിയ വിപണികളിലേയ്ക്ക് സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി വ്യാപിപ്പിച്ചു കൊണ്ട് അമേരിക്കൻ തീരുവ പ്രതിസന്ധി മറികടക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.



ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ കയറ്റുമതിയുടെ സിംഹഭാഗവും യുഎസ് വിപണിയിലേയ്ക്ക് ആയിരുന്നു. എന്നാൽ അമേരിക്കയുടെ താരിഫ് നടപടികൾ കയറ്റുമതിക്കാരുടെ ലാഭം കുത്തനെ കുറച്ചു. ഈ ഘട്ടത്തിൽ പുതിയ വിപണികൾ കണ്ടെത്തിയതാണ് ആഭ്യന്തര ഉൽപാദകർക്ക് ആശ്വാസമായത്.

ലോകത്തിലെ രണ്ടാമത്തെ വലിയ ചെമ്മീൻ ഉൽപാദക രാജ്യമാണ് ഇന്ത്യ. ഇതിൽ ഭൂരിഭാഗവും കയറ്റുമതിയും ചെയ്യുന്നു. 2023 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ആഗോള തലത്തിൽ അഞ്ചു ബില്യൺ ഡോളറിന്റെ ശീതീകരിച്ച ചെമ്മീനാണ് കയറ്റുമതി ചെയ്തത്. ഈ വിൽപനയുടെ 48 ശതമാനവും യുഎസിലേയ്ക്കായിരുന്നു.

കൊച്ചിയുൾപ്പടെയുള്ള തീരദേശ മേഖലകൾ കേന്ദ്രീകരിച്ചുള്ള കേരളത്തിലെ പ്രോസസിങ് യൂണിറ്റുകൾക്ക് യൂറോപ്യൻ യൂണിയൻറെ കർശനമായ മാനദണ്ഡങ്ങൾ പാലിച്ചതിൻറെ ഫലമായി ഇനി സുഗമമായി കയറ്റുമതി ചെയ്യാൻ സാധിക്കും. യൂറോപ്യൻ യൂണിയനു പുറമേ റഷ്യയിലേയ്ക്കുള്ള കയറ്റുമതിയും വർധിക്കും.

25 ഫിഷറീസ് സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള പ്രക്രിയയിലാണ് റഷ്യ. എട്ടു വർഷത്തെ ഇടവേളയ്ക്കു ശേഷം ഒക്റ്റോബറിൽ ഓസ്ട്രേലിയ ആന്ധ്ര പ്രദേശിൽ നിന്ന് തൊലി കളയാത്ത ചെമ്മീൻ ഇറക്കുമതി ചെയ്യാൻ അനുമതി നൽകി. ചില ചരക്കുകളിൽ വൈറ്റ് സ്പോട്ട് വൈറസ് കണ്ടെത്തിയതിനെ തുടർന്ന് ഓസ്ട്രേലിയ നേരത്തെ ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

# മൊബൈൽ ഐഎംഇഐയിൽ കൃത്രിമം കാണിക്കുന്നത് ജാമ്യമില്ലാ കുറ്റം; 3 വർഷം വരെ തടവുശിക്ഷ, 50 ലക്ഷം രൂപ പിഴ



**ന്യൂഡൽഹി:** മൊബൈൽ ഫോണുകളുടെ 15 അക്ക ഐഎംഇഐ (ഇന്റർനാഷണൽ മൊബൈൽ എന്റർപ്രൈസസ് ഐഡന്റിറ്റി) നമ്പർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ സംവിധാനങ്ങളിൽ കൃത്രിമം കാണിക്കുന്നത് ജാമ്യമില്ലാ കുറ്റമാണെന്നും, മൂന്നു വർഷം വരെ തടവുശിക്ഷ, 50 ലക്ഷം രൂപ വരെ പിഴ അല്ലെങ്കിൽ രണ്ടും ഒരുമിച്ച് ലഭിക്കാവുന്ന കുറ്റങ്ങളാണെന്നും ടെലികോം മന്ത്രാലയം. ഐഎംഇഐ നമ്പറുകൾ ഉൾപ്പെടെയുള്ള ടെലികമ്യൂണിക്കേഷൻ തിരിച്ചറിയൽ സംവിധാനങ്ങളിൽ കൃത്രിമം കാണിക്കുന്നത് 2023 ലെ ടെലികോം നിയമപ്രകാരം കർശനമായ ശിക്ഷ ലഭിക്കുന്ന കുറ്റമാണെന്നും നിലവിലുള്ള നിയമ ചട്ടക്കൂടുകൾ പൂർണമായി പാലിക്കണമെന്നും എല്ലാ നിർമ്മാതാക്കൾക്കും, ബ്രാൻഡ് ഉടമകൾക്കും ഇറക്കുമതിക്കാർക്കും വിൽപനക്കാർക്കും നൽകിയ മുന്നറിയിപ്പിൽ ടെലികോം മന്ത്രാലയം ആവശ്യപ്പെട്ടു. ഫോണുകൾ ട്രാക് ചെയ്യാനും മറ്റും സുരക്ഷാ ഏജൻസികൾ ഫോണിന്റെ ഐഎംഇഐ ആണ് ആശ്രയിക്കുന്നത്. ഐഎംഇഐയിൽ കൃത്രിമം കാണിക്കുന്നത് കുറ്റവാളികളെ കണ്ടെത്തുന്നതിന് പ്രയാസമാകും.

ടെലികോം ശൃംഖലകൾ സുരക്ഷിതമാക്കാനും വ്യാജ ഉപകരണങ്ങൾ തടയാനും 2023 ലെ ടെലികോം നിയമം, 2024 ലെ ടെലികോം സൈബർ സുരക്ഷാ നിയമം എന്നിവ പ്രകാരം ഐഎംഇഐ റജിസ്ട്രേഷനിൽ കേന്ദ്ര സർക്കാർ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കൃത്രിമം കാണിക്കുന്നത് നിരോധിക്കുകയും ചെയ്യുന്നു. 2024 ലെ ടെലികോം സൈബർ സുരക്ഷാ നിയമപ്രകാരം, ഐഎംഇഐ നമ്പർ മനഃപൂർവ്വം നീക്കം ചെയ്യുന്നതും മായിച്ചുകളയുന്നതും മാറ്റം വരുത്തുന്നതും അല്ലെങ്കിൽ ഭേദഗതി വരുത്തുന്നതും വിലക്കുന്നു. - മുന്നറിയിപ്പിൽ പറയുന്നു.

# റഷ്യൻ എണ്ണ ഇറക്കുമതിയിൽ രണ്ടാംസ്ഥാനത്ത് ഇന്ത്യ

**ന്യൂഡൽഹി:** റഷ്യൻ എണ്ണ ഇറക്കുമതിയിൽ ഒക്ടോബറിലും രണ്ടാംസ്ഥാനം നിലനിർത്തി ഇന്ത്യ. കഴിഞ്ഞമാസം 2.5 ബില്യൻ ഡോളർ (ഏകദേശം 22,100 കോടി രൂപ) മതിക്കുന്ന റഷ്യൻ എണ്ണയാണ് ഇന്ത്യ വാങ്ങിയതെന്ന് ഹെൽസിങ്കി ആസ്ഥാനമായ റിസർച് ഓൺ എനർജി ആൻഡ് ക്ലീൻ എയറിന്റെ (സിആർഇഎ) കണക്കുകൾ വ്യക്തമാക്കി. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് കഴിഞ്ഞമാസം രണ്ട് വമ്പൻ റഷ്യൻ എണ്ണ കയറ്റുമതിക്കമ്പനികൾക്കുമേൽ ഉപരോധം പ്രഖ്യാപിച്ചിരുന്നു.



ഉപരോധം പ്രാബല്യത്തിൽ വരുംമുൻപേയുള്ള കരാർ പ്രകാരമുള്ള ഇറക്കുമതിയാണ് കഴിഞ്ഞമാസം ഇന്ത്യ നടത്തിയത്. നവംബറിലും ഇപ്രകാരമുള്ള റഷ്യൻ എണ്ണ ഇന്ത്യയിലെത്തും. ഉപരോധത്തെ തുടർന്ന് റഷ്യൻ കമ്പനികളുമായി പുതിയ കരാറുകളിൽ എത്തുന്നതിൽനിന്ന് ഒട്ടുമിക്ക ഇന്ത്യൻ കമ്പനികളും വിട്ടുനിൽക്കുകയാണ്. അതുകൊണ്ട്, ഉപരോധത്തിന്റെ പ്രതിഫലനം ഡിസംബർ മുതലുള്ള ഇറക്കുമതിയിലാകും പ്രകടമായേക്കുക.

റഷ്യയുടെ റോസ്നെഫ്റ്റ്, ലൂക്കോയിൽ എന്നീ എണ്ണക്കമ്പനികൾക്കാണ് ഉപരോധം ബാധകം. യുക്രെയ്നെതിരായ റഷ്യയുടെ യുദ്ധത്തിന് അറുതിവരുത്തുകയും വരുമാനം തടഞ്ഞ് പ്രസിഡന്റ് പുട്ടിനെ സമാധാന ചർച്ചകൾക്ക് നിർബന്ധിതനാക്കുകയുമാണ് ഉപരോധത്തിലൂടെ ട്രംപും യൂറോപ്യൻ യൂണിയനും ലക്ഷ്യമിടുന്നത്.

3.7 ബില്യൻ ഡോളറിന്റെ (33,000 കോടി രൂപ) റഷ്യൻ എണ്ണ വാങ്ങിയ ചൈനയാണ് കഴിഞ്ഞമാസവും ഒന്നാമത്. ക്രൂഡോയിൽ ഉൾപ്പെടെ മൊത്തം 3.1 ബില്യൻ ഡോളറിന്റെ (27,500 കോടി രൂപ) ഫോസിൽ ഇന്ധനങ്ങളാണ് കഴിഞ്ഞമാസം ഇന്ത്യ റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്തത്. 5.8 ബില്യൻ ഡോളറിന്റേതാണ് (51,400 കോടി രൂപ) ചൈനയുടെ ഇറക്കുമതി. 2.7 ബില്യനുമായി തുർക്കി (24,000 കോടി രൂപ) മൂന്നാമതും 1.1 ബില്യനുമായി (9,800 കോടി രൂപ) യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ നാലാമതുമാണ്. റഷ്യയ്ക്കെതിരായ ഉപരോധത്തിൽ യൂറോപ്യൻ യൂണിയൻ രണ്ടുതട്ടിലാണെന്നും ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

റഷ്യയുടെ കൽക്കരി ഇറക്കുമതി ചെയ്യുന്നതിലും ചൈനയ്ക്കാണ് ഒന്നാംസ്ഥാനം. ഇന്ത്യ രണ്ടാമതും തുർക്കി മൂന്നാമതുമാണ്. 351 മില്യന്റെ (3,100 കോടി രൂപ) കൽക്കരിയായിരുന്നു കഴിഞ്ഞമാസത്തെ ഇന്ത്യയുടെ ഇറക്കുമതി. 222 മില്യന്റെ (1,950 കോടി രൂപ) മറ്റ് എണ്ണ ഉൽപന്നങ്ങളും ഇന്ത്യ വാങ്ങി. റഷ്യയിൽ നിന്ന് എണ്ണ ഉൽപന്നങ്ങൾ ഏറ്റവുമധികം വാങ്ങുന്നത് തുർക്കിയാണ്; കഴിഞ്ഞമാസത്തെ ഇറക്കുമതി 957 മില്യന്റേതായിരുന്നു (8,500 കോടി രൂപ). ഇതിൽ പാതിയും ഡീസലുമായിരുന്നു.

യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ ഒരുവശത്ത് റഷ്യയ്ക്കുമേൽ ഉപരോധം പ്രഖ്യാപിക്കുകയും മറുവശത്ത് റഷ്യൻ ക്രൂഡ് ഓയിലും എൽഎൻജിയും വാങ്ങുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞമാസം പൈപ്പ്ലൈൻ വഴി 824 മില്യന്റെ (7,300 കോടി രൂപ) എൽഎൻജി അവർ വാങ്ങി; ക്രൂഡ് ഓയിൽ ഇറക്കുമതി 311 മില്യൻ (2,700 കോടി രൂപ). ഏകദേശം 400 മില്യന്റെ (3,500 കോടി രൂപ) റഷ്യൻ ഫോസിൽ ഇന്ധനങ്ങൾ വാങ്ങി ദക്ഷിണ കൊറിയയാണ് 5ാം സ്ഥാനത്തെന്നും റിപ്പോർട്ടിലുണ്ട്.



# സൗജന്യ ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന ക്യാമ്പ്




പാലാരിവട്ടം ഇടപ്പള്ളി ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റലിൽ നടക്കുന്ന സൗജന്യ ഡയബറ്റിക് റെറ്റിനോപ്പതി ക്യാമ്പ് സംബന്ധിച്ച് എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി വിശദീകരിക്കുന്നു.

**കൊച്ചി:** പ്രമേഹ ബോധവൽക്കരണത്തിന്റെ ഭാഗമായി ഇടപ്പള്ളി ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റലിൽ നാളെ മുതൽ മുതൽ ഡിസംബർ 15 വരെ സൗജന്യ ഡയബറ്റിക് റെറ്റിനോപ്പതി ക്യാമ്പ് നടത്തുമെന്ന് ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി , റെറ്റിന സർജൻ ഡോ. സാഗർ ബാസു, റീജണൽ മാനേജർ തമിഴ് സെൽവൻ, ഹോസ്പിറ്റൽ മാനേജർ എ.ടി ദയാനിധി, മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നാളെ രാവിലെ എട്ടിന് ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ എളമക്കര സർക്കിൾ ഇൻസ്പെക്ടർ കെ.ബി ഹരികൃഷ്ണൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ആശുപത്രി അങ്കണത്തിൽ നിന്നും ഇടപ്പള്ളിവരെ കോളജ് വിദ്യാർത്ഥികളുടെ വാക്കത്തോണും ഉണ്ടാകും. സൗജന്യ ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന കൂടാതെ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ശസ്ത്രക്രിയയും മറ്റ് പരിശോധനകൾ ഉൾപ്പെടെയുള്ള നടപടികളും ആവശ്യമായി വരുന്നവർക്ക് നിരക്കിൽ ഇളവ് നൽകുമെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.

ആഗോള തലത്തിൽ ഇന്ത്യ പ്രമേഹത്തിന്റെ തലസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നുവെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇന്ത്യയിൽ കേരളത്തിന്റെ സ്ഥാനം മുൻ നിരയിലാണ്. മനുഷ്യന്റെ കാഴ്ചയെയാണ് പ്രമേഹം ആദ്യം ബാധിക്കുന്നത് ഈ സാഹചര്യത്തിൽ പ്രായഭേദമെന്യേ എല്ലാവരും ക്യാമ്പിൽ പങ്കെടുത്ത് ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന നടത്തണമെന്നും ഐ ഫൗണ്ടേഷൻ ആശുപത്രി അധികൃതർ വ്യക്തമാക്കി.

# നട്ടെല്ല് സംബന്ധമായ വൈകല്യങ്ങൾ ശസ്ത്രക്രിയയിലൂടെ പരിഹരിക്കാം

**കൊച്ചി:** സ്കോളിയോസിസ്, കൈഫോസിസ് പോലുള്ള നട്ടെല്ലിലെ വൈകല്യങ്ങൾ അത്യാധുനിക ശസ്ത്രക്രിയയിലൂടെ പരിഹരിക്കാനാകുമെന്ന് വി.പി. എസ് ലേക്ഷോർ ആശുപത്രിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈൻ ആൻഡ് സ്കോളിയോസിസ് സർജറി ഡയറക്ടർ ഡോ. ആർ. കൃഷ്ണകുമാർ പറഞ്ഞു.

ഈ ശസ്ത്രക്രിയയുടെ ഓരോ ഘട്ടത്തിലും നാവിഗേഷൻഗൈഡ് ചെയ്യുന്ന സിസ്റ്റങ്ങളും ഇൻട്രാ ഓപ്പറേറ്റീവ് 3ഡി ഇമേജിംഗും മില്ലിമീറ്ററിൽ അളക്കുന്ന കൃത്യതയോടെ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സഹായകരമാകും. സങ്കീർണ്ണമായ ശസ്ത്രക്രിയയിലെ അപകടസാധ്യത കുറയ്ക്കുന്നതിലൂട ന്യൂറോമോണിറ്ററിംഗ് നാഡികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള തുടർച്ചയായ ഫീഡ്ബാക്ക് ഉറപ്പാക്കുന്നു. മെച്ചപ്പെട്ട ഇംപ്ലാന്റ് ഡിസൈനുകളും മിനിമലി ഇൻവേസീവ് സാങ്കേതികവിദ്യകളും സംയോജിപ്പിക്കുന്ന ഈ ടൂളുകൾ രോഗിയുടെ സുരക്ഷയും സുഖം പ്രാപിക്കലും വർദ്ധിപ്പിച്ചിട്ടുള്ളതായും അദ്ദേഹം വ്യക്തമാക്കി. ശസ്ത്രക്രിയയ്ക്കപ്പുറം, നട്ടെല്ലിന്റെ ആരോഗ്യം നിലനിർത്തുന്നതിന് ദൈനംദിന പരിശ്രമം ആവശ്യമാണ്. പതിവായ വ്യായാമം, ശരിയായ രീതിയിലുള്ള പോസ്ചർ, സമയബന്ധിതമായ വൈദ്യപരിശോധനകൾ എന്നിവ ഇതിൽ നിർണായകമാണ്.

ഇത്തരം ശസ്ത്രക്രിയകൾ രോഗികൾക്ക് ശരീരത്തിന്റെ സ്വാഭാവിക ഘടന നൽകുന്നതിനൊപ്പം അവരുടെ ആത്മവിശ്വാസവും തിരികെ നൽകുന്നതായും ഡോ. ആർ. കൃഷ്ണകുമാർ പറഞ്ഞു. മുൻകാലങ്ങളിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് ദീർഘകാല ആശുപത്രിവാസം ആവശ്യമായിരുന്നതിനൊപ്പം ഉയർന്ന അപകടസാധ്യതകളും ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ കുറഞ്ഞ ആശുപത്രിവാസത്തിനൊപ്പം വേഗത്തിലുള്ള സുഖം പ്രാപിക്കലും ലഭിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

# ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ സംസ്ഥാന സമ്മേളനം നടന്നു

**കൊച്ചി:** ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ വിദ്യാർത്ഥികളുടെ സംസ്ഥാന സമ്മേളനം അമൃതയിൽ നടന്നു. സംസ്ഥാനത്തെ വിവിധ ഫാർമസി കോളേജുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും കൊച്ചി അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ വെച്ച് നടന്ന ദ്വിദിന സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തു. കേരള പി. എസ്. സി മുൻ ചെയർമാനും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ. എസ്. രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡന്റ് ഡോ. പി. ജയശേഖർ ചടങ്ങിന് അധ്യക്ഷത വഹിച്ചു.




അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത, ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് സെക്രട്ടറി ഡോ. ജോൺ ജോസഫ്, വൈസ് പ്രസിഡന്റ് എം. പി ജോർജ്, ഐപിഎ അംഗം എം.ആർ പ്രദീപ്, ഐപിഎഎസ്എഫ് നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി സെക്രട്ടറി എസ്. രാജലക്ഷ്മി എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. വിദ്യാർഥികൾക്കുള്ള വിവിധ കലാ, കായിക മത്സരങ്ങളും സമ്മേളനത്തിന്റെ ഭാഗമായി അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ സംഘടിപ്പിച്ചിരുന്നു. കോർപ്പറേറ്റ് മെന്റർ വിഷ്ണു ലോണ ജേക്കബ്, അമൃത സ്കൂൾ ഓഫ് സ്പിരിചൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ബ്രഹ്മചാരി ഡി. എസ് ശിവാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്ക് മോട്ടിവേഷൻ സെഷനുകളും സംഘടിപ്പിച്ചു. സമാപന സമ്മേളനം സിനിമാ താരം ടിനി ടോം ഉദ്ഘാടനം ചെയ്തു.

## ഹോണ്ട മോട്ടോർസൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യ റോഡ് സുരക്ഷാ ബോധവത്ക്കരണം സംഘടിപ്പിച്ചു

**കോഴിക്കോട്:** ഹോണ്ട മോട്ടോർസൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യ സ്കൂൾ വിദ്യാർത്ഥികൾക്കായി സേഫ്റ്റി ഡ്രൈവിംഗ് എജ്യുക്കേഷൻ സെന്ററിൽ റോഡ് സുരക്ഷാ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. റോഡ് സുരക്ഷ ഒരു തവണ പഠിച്ചാൽ മതിയാകുന്ന പാഠമല്ല, ദിവസേന പാലിക്കേണ്ട ഉത്തരവാദിത്വമാണെന്ന് യുവമനസുകൾ തിരിച്ചറിയുന്നതിനായാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഇന്ററാക്ടീവ് മോഡ്യൂളുകളും പ്രായോഗിക പ്രദർശനങ്ങളും ഉപയോഗിച്ച് ബോധവത്കരണം ക്ലാസ് മുറികളിൽ നിന്ന് പുറത്തേക്കും വ്യാപിപ്പിക്കുകയും ചെയ്തു. വിവിധ ഇടങ്ങളിൽ നടക്കുന്ന എച്ച് .എം എസ്.ഐ ട്രാഫിക്ക് ബോധവല്ക്കരണത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്

# കുസാറ്റ്: ഏകദിന ശിൽപ്പശാല ഡിസംബർ നാലിന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഏകദിന ശിൽപ്പശാല ഡിസംബർ നാലിന് കുസാറ്റ് സെമിനാർ കോംപ്ലെക്സിൽ നടക്കും. സുസ്ഥിര വികസന ലക്ഷ്യം 15 ന്റെ ഭാഗമായി സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസ്, എംഎസ് സി ഫോറൻസിക് സയൻസ് പ്രോഗ്രാം ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

ശിൽപ്പശാല രാവിലെ 9.30 മുതൽ വൈകിട്ട് 5.00 വരെ നടക്കും. നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിയിലെ സയന്റിഫിക് കൺസൾട്ടന്റ് ഡോ. ആർ. സുഗന്ത സക്തിവേൽ, WCCB ചെന്നൈയിലെ വൈൽഡ്ലൈഫ് ഇൻസ്പെക്ടർ ഡോക്കി അദിമല്ലയ്യ, സ്റ്റേറ്റ് വൈൽഡ്ലൈഫ് വെറ്ററിനറി സർജൻ ഡോ. അരുൺ സക്കറിയ, കേരള സംസ്ഥാന അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മനു സത്യൻ എന്നിവരാണ് പ്രധാന സെഷനുകൾ കൈകാര്യം ചെയ്യുന്നത്.

500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്ട്രേഷന്റെ അവസാന തീയതി നവംബർ 28. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാകും. രജിസ്ട്രേഷൻ HTTPS://FORMS.GLE/DFRGXE9WS-RTMCUHV7 എന്ന ഗൂഗിൾ ഫോം വഴി ചെയാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 81290 88672, 73067 97731, 75610 87830 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# സമൂഹമാധ്യമ നിരീക്ഷണം ഊർജിതമാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പ്രചാരണത്തിനു വേണ്ടി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന കണ്ടന്റുകളുടെ നിരീക്ഷണം ഊർജിതമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പുറത്തിറക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന ഓഡിയോ, വീഡിയോ, ഡിസ്പ്ലേ, എ ഐ ജനറേറ്റഡ് കണ്ടന്റുകൾ കർശനമായി പരിശോധിക്കും. എല്ലാ തദ്ദേശസ്ഥാപന നിയോജകമണ്ഡലങ്ങളിലും ഇത് പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ ജില്ലാ കളക്ടർമാരോട് കമ്മീഷൻ നിർദേശിച്ചു.

കേരള പോലീസ് സോഷ്യൽ മീഡിയ പട്രോളിംഗിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് പ്രചാരണങ്ങളുടെ ഓഡിറ്റിങ് നടത്തുന്നുണ്ട്. വിവിധ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിലെ ഗ്രൂപ്പുകളുടെ, പ്രത്യേകിച്ച് വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രചരണപ്രവർത്തനങ്ങൾ നിരീക്ഷണത്തിന് വിധേയമാക്കും. വ്യാജമായതോ, ദോഷകരമായതോ, അപകീർത്തികരമായതോ ആയ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കും. വാട്സാപ് ഗ്രൂപ്പുകൾ വഴി അത്തരം കണ്ടന്റുകൾ പ്രചരിപ്പിക്കുന്നതിൽ സൈബർ പോലിസ് നിരീക്ഷണം കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ കണ്ടന്റുകൾ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യാൻ നിർദ്ദേശിക്കും. നീക്കം ചെയ്യാത്തപക്ഷം നിയമപരമായ നടപടികൾ പോലീസ് സ്വീകരിക്കും.

തിരഞ്ഞെടുപ്പിലെ മാധ്യമ സംബന്ധിയായ വിഷയങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച മീഡിയ റിലേഷൻസ് കമ്മിറ്റിയുടെ ആദ്യ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ചേർന്നു. പത്ര, ദൃശ്യ, ശ്രവ്യ, സമൂഹമാധ്യമങ്ങൾ വഴി പ്രചരിക്കുന്ന ഉള്ളടക്കങ്ങൾ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ജില്ലകളിലും കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

കണ്ടന്റുമായി ബന്ധപ്പെട്ട പരാതികളിൽ, സമർപ്പിക്കുന്നവരുടെ പേര്, ഫോൺ നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തണം. നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിക്കുന്ന കണ്ടന്റുകളിൽ അവ എ.ഐ നിർമ്മിതമാണെന്ന് നിർബന്ധമായും രേഖപ്പെടുത്തണമെന്നും അല്ലാത്തവയ്ക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യാനും യോഗം തീരുമാനിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുതിർന്ന മാധ്യമപ്രവർത്തകൻ മലയിൻകീഴ് ഗോപാലകൃഷ്ണൻ, കെ.യു.ഡബ്ല്യു.ജെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഷില്ലർ സ്റ്റീഫൻ, ഐ.കെ.എം ഡപ്യൂട്ടി ഡയറക്ടർ ഡോ. പി. കെ. നൗഫൽ, സൈബർഡോം ഇൻസ്പെക്ടർ ഓഫ് പോലീസ് കെ.ജി.കൃഷ്ണൻ പോറ്റി, പിആർഡി ഡപ്യൂട്ടി ഡയറക്ടർ എം. നാഫിഹ്, കമ്മീഷൻ ലോ ഓഫീസർ പ്രീതി ആർ. നായർ, കൺസൾട്ടന്റ് എം. ഷാജഹാൻ, പി.ആർ.ഒ കെ. എം. അയ്യപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഹൈക്കോടതിയിൽ വയർ വരിഞ്ഞ മര കസേര, ഉരുക്കു കസേര, ഫുട്ട് റസ്റ്റുകൾ എന്നിവ പുതുക്കി വരിയുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ നവംബർ 28 ന് ഉച്ചയ്ക്ക് രണ്ടു വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഹൈക്കോടതി ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ അറിയാം.



# കല്യാണമരം ചിത്രീകരണം ആരംഭിച്ചു




മീരാ വാസുദേവ്, ആതിര പട്ടേൽ, ദേവനന്ദ ജിബിൻ, ധ്യാൻ ശ്രീനിവാസൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മറിയം സിനിമാസിൻറെ ബാനറിൽ സംവിധായകൻ രാജേഷ് അമനകര ഒരുക്കുന്ന ഫാമിലി എന്റർടെയ്നറായ കല്യാണമരത്തിന്റെ ചിത്രീകരണം ആരംഭിച്ചു. ധ്യാനിന്റെ കഴിഞ്ഞ സിനിമകളിൽ നിന്നൊക്കെ ഏറെ വ്യത്യസ്തമാണ് കല്യാണമരത്തിലെ സജിൻമാഷ്. ചെറിയ ഇടവേളയ്ക്ക് ശേഷം മീരാ വാസുദേവ് മലയാളത്തിലേക്ക് ചുവടുവെയ്ക്കുന്ന സിനിമ കൂടിയാണ് കല്യാണമരം. മലയാളികളുടെ ഏറെ പ്രിയങ്കരിയായ ബാലതാരം ദേവനന്ദയുടെ മല്ലിക എന്ന ഈ ചിത്രത്തിലെ കഥാപാത്രം മലയാളികൾക്ക് ഏറെ വാത്സല്യമുള്ള കഥാപാത്രമാകുമെന്നതിൽ തർക്കമില്ല. പുതിയ ചിത്രങ്ങളിലൂടെ യൂത്തിന്റെ പ്രിയപ്പെട്ട നടിയായ ആതിര പട്ടേലും മികച്ച പ്രകടനമാണ് ചിത്രത്തിൽ കാഴ്ച വെയ്ക്കാനൊരുങ്ങുന്നത്. കല്യാണമരം വളരെ വ്യത്യസ്തമായ ഒരു കുടുംബകഥ പറയുന്ന സിനിമയാണെന്ന് സംവിധായകൻ രാജേഷ് അമനകര പറഞ്ഞു. നർമ്മത്തിൽ ചാലിച്ച് കുടുംബ ബന്ധങ്ങളുടെ കഥ പറയുന്ന ഈ ചിത്രം എല്ലാ പ്രേക്ഷകരെയും ഏറെ രസിപ്പിക്കുന്നതാണെന്ന് സംവിധായകൻ ചൂണ്ടിക്കാട്ടി. എറണാകുളം, പാലാ തുടങ്ങിയ പ്രദേശങ്ങളിലായി ചിത്രീകരണം പുരോഗമിക്കുകയാണ്.

ധ്യാൻ ശ്രീനിവാസൻ, മീരാ വാസുദേവ്, ആതിര പട്ടേൽ, ദേവനന്ദ ജിബിൻ, പ്രശാന്ത് മുരളി, മനോജ് കെ.യു, പ്രബിൻ ബാലൻ, അമൽ രാജ് ദേവ്, ഓമനയമ്മ. തുടങ്ങിയവരാണ് ചിത്രത്തിലെ അഭിനേതാക്കൾ നിർമ്മാതാവായ സജി കെ.ഏലിയാസ് പരിസ്ഥിതി പ്രവർത്തകന്റെ വേഷത്തിലും സിനിമയിൽ എത്തുന്നുണ്ട്. നിർമ്മാണം സജി കെ ഏലിയാസ്. ക്യാമറ രജീഷ് രാമൻ, കഥ വിദ്യ രാജേഷ്, സംഭാഷണം പ്രദീപ് കെ നായർ, പ്രൊഡക്ഷൻ കൺട്രോളർ ഷാജി പട്ടിക്കര, കലാസംവിധാനം സഹസ് ബാല, എഡിറ്റിംഗ് രതിൻ രാധാകൃഷ്ണൻ, സംഗീതം അജയ് ജോസഫ്, ഗാനരചന സന്തോഷ് വർമ്മ, മേക്കപ്പ് റഹീം കൊടുങ്ങല്ലൂർ, വസ്ത്രാലങ്കാരം രാധാകൃഷ്ണൻ മങ്ങാട്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് നസീർ കുത്തുപറമ്പ്, പി ആർ ഒ പി ആർ സുമേരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ പ്രതീഷ് കൃഷ്ണ, ക്രിയേറ്റീവ് ഡയറക്ടർ നിഖിൽ പ്രേംരാജ്, അസോസിയേറ്റ് ഡയറക്ടർ എം എസ് നിതിൻ, അസിസ്റ്റന്റ് ഡയറക്ടർമാർ അർജുൻ കേശവൻ ബാബു, നിഹാൽ. സ്റ്റിൽസ് ഗിരിശങ്കർ, പബ്ലിസിറ്റി ഡിസൈൻസ് ജിസൻ പോൾ





## കേരളത്തെ ഞെട്ടിച്ച ഉത്ര വധം സിനിമയാകുന്നു;
# രാജകുമാരി

ശക്തമായ സ്ത്രീപക്ഷ സിനിമ രാജകുമാരിയുടെ ടൈറ്റിൽ പോസ്റ്റർ നടി മഞ്ജു വാര്യരുടെ ഒഫീഷ്യൽ പേജിലൂടെ പ്രകാശനം ചെയ്തു. നവാഗതനായ ഉണ്ണിദാസ് കൂടത്തിൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രം നല്ല സിനിമ പ്രൊഡക്ഷൻ സ്പിന്നിന്റെ ബാനറിൽ ഫറാസ് മുഹമ്മദ്, ഫഹദ് സിദ്ദിഖ്, ഫയാസ് മുഹമ്മദ് എന്നിവർ നിർമിക്കുന്നു. എക്സിക്കുട്ടീവ് പ്രൊഡ്യൂസർ അഷ്നാ റഷീദ്.

സിനിമയിൽ നിന്നും അകന്നുപോകുന്ന സ്ത്രീ പ്രമേയത്തിന് പ്രധാന്യം നൽകുന്നതാണ് ഈ ചിത്രം. ഒരു പെൺകുട്ടി വിവാഹിതയായി പുതിയൊരു തറവാട്ടിലേക്ക് കടന്നു വരുന്നത് വലിയ സ്വപ്നങ്ങളുമായിട്ടാണ്. അത്തരത്തിലുള്ള ഒരു കഥാപാത്രമാണ് ഈ ചിത്രത്തിലെ ജാനകി. ഇങ്ങനെയൊരു സ്ത്രീ പക്ഷ സിനിമയിലേക്ക് അണിയറ പ്രവർത്തകരെ എത്തിച്ചത് കേരളീയ സമൂഹത്തെ ഞെട്ടിച്ച ഒരു യഥാർത്ഥ സംഭവത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടു കൊണ്ടാണന്ന് സംവിധായകൻ ഉണ്ണിദാസ് കൂടത്തിൽ പറഞ്ഞു.

കൊല്ലം ജില്ലയിലെ അഞ്ചൽ എന്ന സ്ഥലത്ത് ഉത്ര എന്ന യുവതി പാമ്പു കടിയേറ്റ് മരിച്ചു. ഒരു വയസു മാത്രം പ്രായമുള്ള ഒരു മകന്റെ അമ്മ കൂടിയായിരുന്നു വികാലാംഗ കൂടിയായ ഈ വീട്ടമ്മ. പൊന്നും പണവും ആവശ്യം പോലെ നൽകിയാണ് ഉത്രയുടെ രക്ഷകർത്താക്കൾ ഉത്രയെ വിവാഹം കഴിച്ചു കൊടുത്തത്. പിന്നിടുള്ള അമ്പേഷണത്തിൽ ഈ മരണം ഭർത്താവിന്റെ ആസൂത്രിതമായ ഒരു കൊലപാതകമെന്നു തെളിയുകയും ഭർത്താവിനെ ശിക്ഷിക്കുകയും ചെയ്തു. കുടുംബ സദസുകളുടെ ഇടയിൽ വലിയ വേദനയുളവാക്കിയ സംഭവമായി മാറി ഇത്. ഈ സംഭവമാണ് രാജകുമാരി എന്ന സിനിമയിലൂടെ ചർച്ച ചെയ്യപ്പെടുന്നത്. ആത്മീയയാണ് ഈ ചിത്രത്തിലെ നായിക കഥാപാത്രമായ ജാനകിയെ അവതരിപ്പിക്കുന്നത്. പുതുമുഖം ഫഹദ് സിദ്ദിഖ് ആണ് ഈ ചിത്രത്തിലെ നായകൻ.

ശ്രീജിത്ത് രവി, സെന്തിൽ കൃഷ്ണ, കുടശനാട് കനകം, വീണാ നായർ, രാജേഷ് കണ്ണൂർ, ഋതു മന്ത്ര എന്നിവരും പ്രധാന വേഷങ്ങളിലുണ്ട്. സംവിധായകൻ ഉണ്ണിദാസ് കൂടത്തിൽ, എഡിറ്റർ അഖിൽ ദാസ്. ഛായാഗ്രാഹകൻ ശ്രീരാഗ് മാങ്ങാട്. ഗാനങ്ങൾ വിനായക് ശശികുമാർ. സംഗീതം ഡെൻസൺ ഡൊമിനിക്. കലാസംവിധാനം അനീസ് നാടോടി. മേക്കപ്പ് റോണി വെള്ളത്തൂവൽ. കോസ്റ്റ്യൂം ഡിസൈൻ അരുൺ മനോഹർ. ഫിനാൻസ് കൺട്രോളർ വിജയൻ ഉണ്ണി. പ്രൊഡക്ഷൻ എക്സിക്കുട്ടീവ് പ്രവീൺ എടവണ്ണപ്പാറ. പ്രൊഡക്ഷൻ കൺട്രോളർ ബിനു മണമ്പൂർ. ചിത്രത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. പി ആർഒ വാഴൂർ ജോസ്. ഫോട്ടോ നിധിൻ.




# അമ്പലമുക്കിലെ വിശേഷങ്ങൾ ഡിസംബർ 5ന്

ഗോകുൽ സുരേഷ്, ലാൽ, ഗണപതി എന്നിവർ കേന്ദ്രകഥാപാത്രങ്ങളാകുന്ന അമ്പലമുക്കിലെ വിശേഷങ്ങൾ ഡിസംബർ അഞ്ചിന് തിയറ്ററുകളിലെത്തും. ജയറാം കൈലാസാണ് ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്.

ഗോകുൽ സുരേഷ്, ലാൽ, ഗണപതി, മേജർ രവി, സുധീർ കരമന, മുരളി ചന്ദ്, ഷാജു ശ്രീധർ, നോബി മാർക്കോസ്, ഷഹീൻ, ധർമജൻ, മെറീന മൈക്കിൾ, ബിജുക്കുട്ടൻ, അനീഷ് ജി. മേനോൻ, വനിതാ കൃഷ്ണൻ, സൂര്യ, സുനിൽ സുഗത, സജിത മഠത്തിൽ, ഉല്ലാസ് പന്തളം തുടങ്ങി വൻ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്.

ചന്ദ് ക്രിയേഷൻസിന്റെ ബാനറിൽ ജെ. ശരത്ചന്ദ്രൻ നായർ നിർമിക്കുന്ന ചിത്രത്തിന് രഞ്ജിൻ രാജ്, അരുൾ ദേവ് എന്നിവർ സംഗീതസംവിധാനം നിർവഹിക്കുന്നു. അബ്ദുൾ റഹീം ഛായാഗ്രഹണവും രഞ്ജൻ എബ്രഹാം എഡിറ്റിംഗും നിർവഹിക്കുന്നു.

ചിത്രത്തിന്റെ കഥ, തിരക്കഥ: ഉമേഷ് കൃഷ്ണൻ, കൊ പ്രൊഡ്യൂസർ: മുരളി ചന്ദ്, എക്സികുട്ടിവ് പ്രൊഡ്യൂസർ: ഭരത് ചന്ദ്, മുഖ്യ സഹസംവിധാനം: മനീഷ് ഭാർഗവൻ, ഗാനരചന: പി. ടി. ബിനു, വസ്ത്രാലങ്കാരം: സ്റ്റെഫി സേവ്യർ, കലാസംവിധാനം: നാഥൻ, പ്രൊഡക്ഷൻ കൺട്രോളർ: നിസാർ മുഹമ്മദ്, മേക്കപ്പ്: പ്രദീപ് രംഗൻ, പി ആർഒ: പ്രതീഷ് ശേഖർ, സ്റ്റിൽസ്: ക്ലിൻറ് ബേബി,ഡിസൈൻ: സാൻസൺ ആഡ്സ്. രാജ് സാഗർ ഫിലിംസാണ് ചിത്രം കേരളത്തിലെ തിയറ്ററുകളിലേക്കെത്തിക്കുന്നത്.

# ഇന്റർസ്കൂൾ കായികമേളയ്ക്ക് നവംബർ 21ന് തിരിതെളിയും.

**കൊച്ചി:** ഭവൻസ് വിദ്യാ മന്ദിർ എരൂരിന്റെ, ആഭിമുഖ്യത്തിൽ നടക്കുന്ന 41ാമത് ഡോ. കെ.എം. മുൻഷി സ്മാരക ഇന്റർസ്കൂൾ കായികമേള നവംബർ 21, 22 തീയതികളിൽ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ നടക്കും.

കേരളത്തിലെ 32 സ്കൂളുകളിൽ നിന്നും ഏകദേശം 1300ലധികം കായിക താരങ്ങൾ പങ്കെടുക്കുന്ന രണ്ടു ദിവമായി നടക്കുന്ന കായിക മേള കസ്റ്റംസ് ഇന്റലിജൻസ്, സിയാൽ ഡെപ്യൂട്ടി കമ്മീഷണർ റോയ് വർഗീസ് ഉദ്ഘാടനം ചെയ്യും.

# 500 എൻഹാൻസ്ഡ് വാല്യു 50 ഇൻഡക്സ് ഫണ്ടിന് മികച്ച പ്രതികരണം

**തിരുവനന്തപുരം:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസിന്റെ യൂലിപ് പദ്ധതിയായ ഐസിഐസിഐ ബ പ്രുഡെൻഷ്യൽ ലൈഫ് ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യു 50 ഇൻഡെക്സ് ഫണ്ടിന് മികച്ച പ്രതികരണമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ വ്യക്തമാക്കി. ഇന്ത്യയുടെ വികസന മുന്നേറ്റത്തിൽ പങ്കാളികളാകാൻ നിക്ഷേപകർക്ക് അവസരം നൽകുന്നതാണ് ഈ ഫണ്ട് 2006 മുതൽ 2024 വരെയുള്ള 19 വർഷങ്ങളിൽ 12 വർഷവും ബിഎസ്.ഇ 500 എൻഹാൻസ്ഡ് വാല്യൂ 50 ഇൻഡക്സ് അതിന്റെ പ്രധാന ഇൻഡക്സിനെക്കാൾ മികച്ച പ്രകടനമാണ് നടത്തിയത്.

ഇന്ത്യയുടെ വികസന മുന്നേറ്റത്തിൽ പങ്കുചേരാൻ യൂലിപ് ഉപഭോക്താക്കൾക്ക് ലളിതവും സുതാര്യവുമായ മാർഗം ബി.എ.സ്ഇ 500 എൻഹാൻസ്ഡ് വാല്യൂ 50 ഇൻഡക്സ് ഫണ്ട് വാഗ്ദാനം ചെയ്യുമെന്നും മനീഷ് കുമാർ അഭിപ്രായപ്പെട്ടു.

ബി.എസ്.ഇ 500 എൻഹാൻസ്ഡ് വാല്യു 50 സൂചികയെ പ്രതിഫലിപ്പിക്കുന്നതായിരിക്കും പുതിയ ഫണ്ട്. റിട്ടയർമെന്റ്, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങൾ നിറവേറ്റാനും ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യു 50 ഇൻഡെക്സ് ഫണ്ട് ഉപഭോക്താക്കളെ സഹായിക്കും.

# സൈലത്തിൽ നീറ്റിന് ഓൺലൈൻ ക്രാഷ് കോഴ്സ്

**കോഴിക്കോട്:** വരാനിരിക്കുന്ന കീം, നീറ്റ് മെഡിക്കൽ പ്രവേശന പരീക്ഷകൾക്കായി ഓൺലൈൻ ക്രാഷ് കോഴ്സുകൾ തുടങ്ങി സൈലം. ജനുവരി മാസാവസാനം വരെ ക്ളാസുകൾ ഉണ്ടാകും. 4,750 രൂപയ്ക്കാണ് കോഴ്സ് ലഭ്യമാകുന്നത്. ഡിസംബർ/ജനുവരി മാസങ്ങളിൽ തുടങ്ങാനിരിക്കുന്ന പ്ലസ് ടു ഓൺലൈൻ റിവിഷൻ ബാച്ചിലേക്ക് സൗജന്യ പ്രവേശനവും ഇതോടൊപ്പം ലഭിക്കും. ഇപ്പോൾ അഡ്മിഷൻ എടുക്കുന്നവർക്ക് അടുത്തവർഷം മാർച്ചിൽ കീം, നീറ്റ് പരീക്ഷകൾക്ക് തൊട്ടുമുൻപ് തുടങ്ങുന്ന ഒരു മാസത്തെ ഓൺലൈൻ ക്രാഷ് കോഴ്സിലേക്കും പ്രവേശനം സൗജന്യമായിരിക്കും.

നവംബർ 30 വരെ 10% അധിക ഡിസ്കൗും നൽകുന്നുണ്ട്. ദിവസേനയുള്ള ലൈവ്, റെക്കോർഡഡ് ക്ളാസുകളും ആഴ്ച തോറും പരീക്ഷകളും നോട്ടുകളും ഉൾപ്പെടുന്നതാണ് എല്ലാ പാക്കേജുകളും. നീറ്റിന്റെ ക്രാഷ് കോഴ്സിൽ ചേരുന്നവർക്ക് പേഴ്സണൽ മെന്റർഷിപ്പും സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താൻ എ.ഐ സംവിധാനത്തിന്റെ സഹായവും ലഭിക്കും. മാർച്ചിൽ തുടങ്ങാനിരിക്കുന്ന കീം, നീറ്റ് ഓഫ്ലൈൻ ക്രാഷ് കോഴ്സുകളുടെ അഡ്മിഷനും ആരംഭിച്ചിട്ടുണ്ട്. അതിൽ അഡ്മിഷൻ എടുക്കുന്നവർക്ക് ഓൺലൈൻ ക്ളാസുകളും ഫ്രീയായിരിക്കുമെന്ന് സൈലം മാനേജ്മെന്റ് അറിയിച്ചു.

# സാന്താ റൺ ഡിസംബർ 7 ന്

**കൊച്ചി:** റോട്ടറി ജില്ല 3205ന്റെ സംരംഭമായ സാന്താ റൺ കൊച്ചിയുടെ ആറാമത് പതിപ്പ് ഡിസംബർ ഏഴിന് ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടിയിൽ നടക്കും. ഓട്ടിസത്തെ കുറിച്ചുള്ള ബോധവത്കരണത്തിനും സമൂഹത്തെ കൂടുതൽ ഉൾക്കൊള്ളുന്ന മനസ്സിലേക്കും നയിക്കുന്നതിനുമായി, റോട്ടറി കോച്ചിൻ നൈറ്റ്സ് ട്രസ്റ്റ് കഴിഞ്ഞ ആറുവർഷമായി സാന്താ റൺ നടത്തിവരുന്നു. കഴിഞ്ഞ ആറു വർഷത്തിനിടെ രണ്ട് സെൻസറി പാർക്കുകൾ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി സജ്ജമാക്കുകയും അവരുടെ ക്ഷേമത്തിനായി വീട് നിർമ്മിച്ചു നൽകുകയും ചെയ്തു.

സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയകൾ നടത്തിക്കൊടുക്കുന്നത് കൂടാതെ ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിത നിലവാരം ഉയർത്താൻ ലക്ഷ്യമിട്ട നിരവധി കരുണാ പ്രവർത്തനങ്ങളും നടപ്പാക്കി. ഓട്ടിസം ബാധിച്ച കുട്ടികൾക്കായി നാളെ വൈകുന്നേരം മൂന്നിന് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ ഡബിൾ ഡെക്കർ ബസിൽ ജെയ്നി സെന്റർ ഫോർ സ്പെഷ്യൽ ചിൽഡ്രൻ വിദ്യാർത്ഥികൾക്കായി നഗരയാത്രയും റോട്ടറി സംഘടിപ്പിച്ചിട്ടുണ്ട്.

# ചെന്നൈ വണ്ടർലാ പാർക്ക് ഡിസംബർ 2ന് തുറക്കും



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ അമ്യൂസ്മെന്റ് പാർക്ക് ശൃംഖലയായ വണ്ടർലാ ഹോളിഡേയ്സിന്റെ അഞ്ചാമത്തെ പ്രൊജക്ടായ ചെന്നൈ വണ്ടർലാ പാർക്ക് ഡിസംബർ രണ്ടിന് തുറക്കും. പ്രതിദിനം 6,500 സന്ദർശകർക്ക് പ്രവേശനമുള്ള പാർക്കിൽ ഹൈ ത്രിൽ, കിഡ്സ്, ഫാമിലി, വാട്ടർ എന്നീ വിഭാഗങ്ങളിലായി 43 ലോകോത്തര റൈഡുകളുമുണ്ട്. 1489 രൂപയാണ് ടിക്കറ്റ് നിരക്ക്. ഓൺലൈൻ ബുക്കിങ്ങിന് 10 ശതമാനം കിഴിവും തിരിച്ചറിയൽ കാർഡുമായെത്തുന്ന കോളേജ് വിദ്യാർത്ഥികൾക്ക് 20 ശതമാനം ഇളവും ലഭിക്കും. കൂടാതെ ഗ്രൂപ്പുകൾക്കും സീസണുകൾക്കുമായി പ്രത്യേക ഓഫറുകളുമുണ്ട്.

ഡിസംബർ ഒന്നിന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും മറ്റ് വിശിഷ്ടാതിഥികളും ചേർന്ന് പാർക്ക് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ഡിസംബർ രണ്ടിന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്യും. പതിറ്റാണ്ടുകൾ നീണ്ട ഒരു സ്വപ്നത്തിന്റ സാക്ഷാത്കാരമാണ് വണ്ടർലാ ചൈന്നൈയെന്ന് വണ്ടർലാ ഹോളിഡേയ്സ് എക്സിക്യൂട്ടീവ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. തമിഴ്നാട് സർക്കാരിന്റെ പിന്തുണയും പ്രോത്സാഹനവും കൊണ്ടാണ് ഇത് സഫലമായത്. ഇന്ത്യയിലെ ഏറ്റവും നൂതനമായ അമ്യൂസ്മെന്റ പാർക്കാണ് ഇത്. തമിഴ്നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകത, സംസ്കാരം എന്നിവയുടെ പ്രതിഫലനമായിരിക്കണം വണ്ടർലാ ചെന്നൈ എന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്.

ക്ഷേത്രങ്ങളിലെ കൊത്തുപണികളിൽനിന്നു പ്രചോദനമുൾക്കൊണ്ടും പ്രാദേശിക രുചിഭേദങ്ങൾ ആസ്വദിക്കാൻ അവസരമൊരുക്കിയുമാണ് ഇതൊരുക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.വണ്ടർലാ ചെന്നൈയിൽ ആയിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷ. ഇത് വിനോദസഞ്ചാര മേഖലയ്ക്കും പ്രദേശവാസികൾക്കും ഗുണപ്രദമാണ്. തമിഴ്നാട് സർക്കാരിന്റെ ഇൻഡസ്ട്രിയൽ ഗൈഡൻസ് ആൻഡ് എക്സ്പോർട്ട് പ്രൊമോഷൻ ബ്യൂറോയാണ് ഈ പദ്ധതിക്ക് വഴിയൊരുക്കിയതെന്നും അദ്ദേഹം വ്യക്തമാക്കി.

# സീനിയർ ലിവിങ്ങ്; 500 കോടിരൂപയുടെ നിക്ഷേപവുമായി സെറീൻ കമ്മ്യൂണിറ്റീസും അസറ്റ് ഹോംസും

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സീനിയർ ലിവിംഗ് ഓപ്പറേറ്ററായ കൊളംബിയ പെസഫിക്കിന്റെ സെറീൻ കമ്മ്യൂണിറ്റീസ്, കേരളത്തിലെ മുൻനിര റിയൽ എസ്റ്റേറ്റ് ഡെവലപ്പറായ അസറ്റ് ഹോംസുമായി കൈകോർക്കുന്നു. കേരളത്തിൽ ലോകോത്തര നിലവാരമുള്ള നാല് സീനിയർ ലിവിംഗ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനായി 500 കോടി രൂപയുടെ നിക്ഷേപം നടത്തും. മുതിർന്ന പൗരന്മാർക്കുള്ള പാർപ്പിടങ്ങൾ ഒരുക്കുന്നതിൽ രണ്ട് പങ്കാളികൾക്കുമുള്ള ലോകോത്തര വൈദഗ്ധ്യവും പ്രാദേശിക വിശ്വാസ്യതയും മുതൽക്കൂട്ടാകും.

പദ്ധതിയുടെ ആദ്യ പ്രോജക്റ്റ് കൊച്ചിയിൽ അനാവരണം ചെയ്തു. 'സെറീൻ യംഗ് @ ഹാർട്ട്'എന്ന പാർപ്പിട സമുച്ചയം 2028ൽ പ്രവർത്തനസജ്ജമാകും. സീനിയർ കെയർ രംഗത്ത് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രദേശങ്ങളിലൊന്നാണ് കേരളമെന്ന് സെറീൻ കമ്മ്യൂണിറ്റീസ് ബൈ കൊളംബിയ പെസഫിക്കിന്റെ സഹസ്ഥാപകനും ഡയറക്ടറും ഗ്രൂപ്പ് സി.ഇ.ഒ.യുമായ ജി. രാജഗോപാൽ പറഞ്ഞു. കേരളത്തിലെ സീനിയർ ലിവിംഗിന്റെ നിലവാരം ഉയർത്തുന്നതിനുള്ള ഒരു ദീർഘകാല പങ്കാളിത്തത്തിന്റെ തുടക്കമാണ് 'സെറീൻ യംഗ് @ ഹാർട്ട്' എന്ന് അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ പറഞ്ഞു.

1.69 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 1, 1.5, 2 ബിഎച്ച്കെ അപ്പാർട്ട്മെന്റുകളുടെ കോമ്പിനേഷനുകളിലായി 211 പാർപ്പിടങ്ങൾ ഇവിടെയുണ്ടാകും. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലും കൊച്ചിയിൽ ഒരു വാട്ടർഫ്രണ്ട് അൾട്രാലക്ഷ്വറി പ്രോജക്റ്റും ഉൾപ്പെടെ കേരളത്തിലുടനീളം നാല് സീനിയർ ലിവിംഗ് പ്രോജക്റ്റുകളാണ് യാഥാർത്ഥ്യമാകാൻ ഒരുങ്ങുന്നത്.


# നിറ്റാ ജലാറ്റിന് ദേശീയ സിഎസ്ആർ പുരസ്കാരം



**കൊച്ചി:** നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന് (എൻ.ജി.ഐ.എൽ) റോട്ടറി ഇന്ത്യ ഏർപ്പെടുത്തിയ ഈ വർഷത്തെ ദേശീയ സിഎസ്ആർ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) പുരസ്കാരം ലഭിച്ചു. 'വാട്ടർ, സാനിറ്റേഷൻ ആൻഡ് ഹൈജീൻ ലാർജ് എന്റർപ്രൈസ്' വിഭാഗത്തിലാണ് കമ്പനി ഈ നേട്ടം കരസ്ഥമാക്കിയത്. ഇന്ത്യയിൽ നിന്നുള്ള 563 കമ്പനികളിൽ നിന്നാണ് നിറ്റാ ജലാറ്റിനെ തിരഞ്ഞെടുത്തത്. കമ്പനി നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികൾ, കാർഷിക മേഖലയ്ക്ക് സഹായകമായ പ്രോജക്റ്റുകൾ, മെൻസ്ട്രുവൽ കപ്പുകളുടെ വിതരണം, മറ്റ് ഹരിത പദ്ധതികൾ (ഗ്രീൻ പ്രോജക്റ്റുകൾ) എന്നിവ അവാർഡ് നിർണ്ണയത്തിൽ പരിഗണിച്ചു.

ഡൽഹിയിൽ നടന്ന ചടങ്ങിൽ കമ്പനിയുടെ സിഎസ്ആർ മാനേജർ എബി നെൽസൺ അവാർഡ് ഏറ്റുവാങ്ങി. ഈ വർഷം റോട്ടറി ഇന്ത്യയുടെ സൗത്ത് റീജിയൻ സിഎസ്ആർ അവാർഡും നിറ്റാ ജലാറ്റിൻ നേടിയിരുന്നു. കൂടാതെ, കേരളാ മാനേജ്മെന്റ് അസോസിയേഷന്റെ (കെ.എം.എ) എൻവയോൺമെന്റ് വിഭാഗത്തിലുള്ള സിഎസ്ആർ അവാർഡും കമ്പനിക്ക് ലഭിച്ചിരുന്നു.

# കൊടുവള്ളിയിൽ നൂറാമത് സ്റ്റോർ തുറന്ന് പോപ്പീസ് ബേബി കെയർ



**കോഴിക്കോട്:** പ്രമുഖ ഇന്ത്യൻ ബേബിവെയർ ബ്രാൻഡുകളിലൊന്നായ പോപ്പീസ് ബേബി കെയർ കോഴിക്കോട് കൊടുവള്ളിയിൽ നൂറാമത് സ്റ്റോർ തുറന്നു. ചടങ്ങിൽ ബിഗ്ബോസ് സീസ്ൺ ഏഴ് വിജയി അനുമോൾ, രാജ് കലേഷ്, ആർജെ മാത്തുകുട്ടി, എം.എൽ.എമാരായ ഡോ. എം.കെ. മുനീർ, അഡ്വ. പി.റ്റി.എ റഹീം, മുൻസിപ്പൽ ചെയർമാൻ അബ്ദു വെള്ളാറ, വ്യവസായി പി.റ്റി.എ ലത്തീഫ്, എം.പി.സി. നാസർ, തങ്ങൾസ് മുഹമ്മദ് എന്നിവർ പങ്കെടുത്തു.

ഉദ്ഘാടനത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത 100 ഉപഭോക്താക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അതിൽ നിന്ന് തെരഞ്ഞെടുത്ത് ഒരാൾക്ക് ഷോറൂം ഉദ്ഘാടനത്തിനുള്ള അവസരവും മെഗാസമ്മാനവും നൽകി. ഉദ്ഘാടനത്തിനോടനുബന്ധിച്ച് എക്സ്ക്ലൂസീവ് ഫാമിലി ഫാഷൻ ഷോയും നടത്തി. നൂറാമത് ഷോറൂം തുറക്കാനാവുക എന്നത് ബിസിനസ് നേട്ടത്തെക്കാൾ ഉപഭോക്തൃ വിശ്വാസത്തിലൂന്നിയ പ്രയാണത്തിന്റെ ഫലമാണെന്ന് പോപ്പീസ് ബേബി കെയർ ചെയർമാനും എം.ഡിയുമായ ഷാജു തോമസ് പറഞ്ഞു. പുതിയ ഔട്ട്ലെറ്റ് നവജാതശിശുക്കൾക്കും പിഞ്ചുകുഞ്ഞുങ്ങൾക്കും സ്റ്റൈലിഷ്, ചർമ്മസൗഹൃദ വസ്ത്രങ്ങളും ആക്സസറികളും ലഭ്യമാണ്. സുഖസൗകര്യങ്ങൾ, ഗുണനിലവാരം, സുരക്ഷ എന്നിവ മനസ്സിൽ വെച്ചുകൊണ്ട് രൂപകൽപ്പന ചെയ്ത ബേബി വസ്ത്രങ്ങളുടെയും അവശ്യവസ്തുക്കളുടെയും വിപുലമായ ശ്രേണി വാഗ്ദാനം ചെയ്യുന്നു.

വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും ജിസിസി രാജ്യങ്ങളിലും ഇപ്പോൾ 25 ഷോറൂമുകൾ നിർമാണഘട്ടത്തിലാണ്. അടുത്ത നാലു വർഷത്തിനുള്ളിൽ ആയിരം ഷോറൂമുകൾ എന്ന ലക്ഷ്യമിട്ടാണ് പോപ്പീസ് പ്രവർത്തിക്കുന്നതെന്ന് ഷാജു തോമസ് കൂട്ടി ചേർത്തു.

# ഇസാഫ് ബാങ്കിന്റെ 788ാമത് ശാഖ എളമക്കരയിൽ തുറന്നു

**കൊച്ചി :** തൃശൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്കിന്റെ 788ാമത് ശാഖ ഉദ്ഘാടനം ചെയ്തു. എറണാകുളം എളമക്കര കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ മൂന്നാമത് വ്യാപാര ഭവന്റെ ഒന്നാം നിലയിൽ ആരംഭിച്ച ശാഖയുടെ ഉദ്ഘാടനം ചെയർമാൻ പി.ആർ രവി മോഹൻ നിർവഹിച്ചു. എടിഎം ഉദ്ഘാടനം പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ചർച്ച് വികാരി ഫാദർ പാട്രിക് ഇലവുങ്കലും, ലോക്കർ ഉദ്ഘാടനം ഇടത്തല അൽആമീൻ റിട്ട. പ്രിൻസിപ്പാൾ അദ്ബുൾ റഹ്മാനും, ടെല്ലർ കൗണ്ടർ ഉദ്ഘാടനം എളമക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ കെ.ബി ഹരികൃഷ്ണനും നിർവ്വഹിച്ചു.

ഇടപാടുകാരെ കുടുംബാംഗങ്ങളായാണ് ബാങ്ക് പരിഗണിക്കുന്നതെന്നും, അവശ്യമെങ്കിൽ സേവനം വീട്ടുപടിക്കൽ വരെ നൽകാൻ സന്നദ്ധരാണെന്നും ചെയർമാൻ പി.ആർ.രവി മോഹൻ പറഞ്ഞു. ചടങ്ങിൽ ഇസാഫ് ഫിനാൻഷ്യൽ ഹോൾഡിംഗ്സ് ഡയറക്ടർ വിക്രമൻ അമ്പലക്കാട്ട്, ഇസാഫ് റീജണൽ മാനേജർ പ്രദീഷ് നായർ, ക്ലസ്റ്റർ ഹെഡ് ശ്രീജേഷ് ഗംഗാധരൻ, കെ.വി.വി.ഇ.എസ് എളമക്കര യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.




**ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ 788ാമത് ശാഖ എളമക്കര കെ.വി.വി.ഇ.എസ് വ്യാപാര ഭവനിൽ ബാങ്ക് ചെയർമാൻ പി.ആർ രവി മോഹൻ ഉദ്ഘാടനം ചെയ്യുന്നു. വിക്രമൻ അമ്പലക്കാട്ട്, അദ്ബുൾ റഹ്മാൻ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ കെ.ബി ഹരികൃഷ്ണൻ തുടങ്ങിയവർ സമീപം**



# ഐസിഐസിഐ പ്രുഡൻഷ്യൽ മ്യൂച്വൽഫണ്ട് കാസർകോട് ജില്ലയിലെ ആദ്യശാഖ തുറന്നു

**കാസർഗോഡ്:** ഐസിഐസിഐ പ്രുഡൻഷ്യൽ മ്യൂചൽ ഫണ്ട് കാസർഗോഡ് ജില്ലയിലെ ആദ്യത്തെ ശാഖ തുറന്നു. കറന്തക്കാട് മധൂർ റോഡിലെ ചൗഹാൻ ആൻഡ് ആർ.കെ ബിൽഡിങിലെ ഗ്രൗണ്ട് ഫ്ളോറിലാണ് പുതിയ ശാഖ പ്രവർത്തിക്കുക. കാസർഗോഡ് നഗരസഭ ചെയർപേഴ്സൺ അബ്ബാസ് ബീഗം ഉദ്ഘാടനം നിർവഹിച്ചു. ഐസിഐസിഐ പ്രുഡൻഷ്യൽ മ്യൂചൽ ഫണ്ട് കേരള റീട്ടെയിൽ സെയിൽസ് ആൻഡ് ഡിസ്ട്രിബ്യൂഷൻ റീജിയണൽ ഹെഡ് വിജയ് കുമാർ പിള്ള, കേരള ക്ലസ്റ്റർ ഹെഡ് പ്രവീൺ സി.എച്ച് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. മികച്ച ഉപഭോക്തൃ അനുഭവം ഒരുക്കാനും സാമ്പത്തിക പരിഹാരങ്ങൾ എളുപ്പമാക്കാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും, കാസർകോട് ജില്ല ഞങ്ങളുടെ വളർച്ചാ ഭൂപടത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണെന്നും ഉദ്ഘാടന ചടങ്ങിൽ വിജയ് കുമാർ പിള്ള പറഞ്ഞു. രണ്ടര ദശാബ്ദത്തിലേറെയായി പ്രവർത്തനരംഗത്തുള്ള ഐസിഐസിഐ പ്രുഡൻഷ്യൽ മ്യൂചൽ ഫണ്ട് 11.16 ലക്ഷം കോടി ശരാശരി ആസ്തി കൈകാര്യം ചെയ്ത് ഇന്ത്യയിലെ മുൻനിര ഫണ്ട് ഹൗസുകളിലൊന്നാണ്. 480ലധികം ശാഖകളിലൂടെ 1.24 കോടി ഉപഭോക്താക്കൾക്കാണ് ഐസിഐസിഐ പ്രുഡൻഷ്യൽ മ്യൂചൽ ഫണ്ട് സേവനം നൽകുന്നത്. പുതിയതും നിലവിലുള്ളതുമായ നിക്ഷേപകർക്ക് ശാഖ സന്ദർശിച്ചോ ആപ്പ് വഴിയോ ഐഇൻവെസ്റ്റ്ഐ പ്രു വഴിയോ ഇടപാടുകൾ നടത്താനാവുമെന്നും അദ്ദേഹം വ്യക്തമാക്കി.

# മുത്തൂറ്റ് സൗണ്ട്സ്കേപ്പ് : ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** കേൾവി വൈകല്യമുള്ള കുട്ടികളെ പിന്തുണയ്ക്കുന്നതിനായുള്ള മുത്തൂറ്റ് ഫിനാൻസിന്റെ സിഎസ്ആർ പദ്ധതിയായ മുത്തൂറ്റ് സൗണ്ട്സ്കേപ്പ് പ്രോജക്ട് ഇനേബ്ലിംഗ് യങ് ഇയേഴ്സ് പദ്ധതിയുടെ ഭാഗമായി നീർപ്പാറയിലെ ബധിര വിദ്യാലയത്തിലെ 49 വിദ്യാർത്ഥികൾക്ക് ബൈനൗറൽ ബിഹൈൻഡ്ദിഈയർ (ബിടിഇ) ഡിജിറ്റൽ ഹിയറിംഗ് എയ്ഡുകൾ വിതരണം ചെയ്തു.

ശ്രവണ സഹായികളുടെ വിതരണോദ്ഘാടം അരയങ്കാവ് സെന്റ് ജോർജ് ക്ലിനിക്കിലെ ഡോ. കെ.വി. ജോൺ നിർവഹിച്ചു. മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് കൺസൾട്ടന്റ് വിനു മാമ്മൻ, സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ റെന്നി ഫ്രാൻസിസ്, ഹെഡ്മിസ്ട്രസ് സിസ്റ്റർ ക്ലാരീന ഫ്രാൻസിസ്, എജുക്കേഷൻ കൗൺസിലർ സിസ്റ്റർ ധന്യ ഫ്രാൻസിസ്, സ്കൂൾ പ്രതിനിധികൾ, മുത്തൂറ്റ് ഫിനാൻസ് സ്റ്റാഫ്, വോയിസ് സ്പീച്ച് ആന്റ് ഹിയറിംഗ് കെയർ എൻജിഒയിലെ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. രണ്ടു ദിവസങ്ങളിലായി നടന്ന പരിപാടിയിൽ വിശദമായ ശ്രവണ പരിശോധനകൾ നടത്തി ഓരോ കുട്ടിയുടേയും വ്യക്തിഗത ആവശ്യമനുസരിച്ചുള്ള ശ്രവണ സഹായികൾ ഉറപ്പാക്കി.

5 മുതൽ 20 വയസ് വരെ പ്രായമുള്ളവർക്ക് അവരുടെ ശ്രവണാവശ്യങ്ങൾ അടിസ്ഥാനമാക്കി ഓരോ കുട്ടിക്കും ഡിഎസ്പി സജ്ജീകരണങ്ങളുള്ള ടോൺ കണ്ട്രോൾ ഉപകരണങ്ങൾ, കസ്റ്റം ഇയർ മോൾഡുകൾ, ബാറ്ററികൾ, കെയർകിറ്റ്, മൂന്ന് വർഷത്തെ വാറന്റി, ഫിറ്റിംഗിന് ശേഷമുള്ള ഫോളോഅപ്പ്, പുനരധിവാസ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന പൂർണമായ ഹിയറിംഗ് എയ്ഡ് പാക്കേജാണ് മുത്തൂറ്റ് ഫിനാൻസ് നൽകിയത്.

കഴിഞ്ഞ വർഷം 141 പേർക്കാണ് ഇത്തരത്തിൽ സഹായം നൽകിയത്. ഇതിന്റെ വിജയ തുടർച്ച ആയാണ് ഈ വർഷം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചത്. ഒരാൾക്ക് ഏകദേശം 13,640 രൂപ വീതം ചെലവഴിച്ച് ആകെ 6,68,360 രൂപയാണ് പദ്ധതിക്കായി ചെലവിട്ടത്. വോയിസ് സ്പീച്ച് ആന്റ് ഹിയറിംഗ് കെയർ എന്ന എൻജിഒയുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്.



## ഇബിജി ഗ്രൂപ്പിന്റെ ചിൽഡ്രൻ ഓഫ് ലൈഫ് ദൗത്യത്തിന് തുടക്കമായി; കേരളത്തിൽ തിരുവനന്തപുരത്ത്

**ഹൈദരാബാദ്:** ശിശുദിനത്തോടനുബന്ധിച്ച് ഇബിജി ഗ്രൂപ്പ്, ചിൽഡ്രൻ ഓഫ് ലൈഫ് സാമൂഹിക ക്ഷേമ പദ്ധതിക്ക് തുടക്കം കുറിച്ചു. 2030ഓടെ ഒരു ലക്ഷം കുട്ടികളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ, അഞ്ച് വർഷത്തിനുള്ളിൽ 60 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുക.

ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ മിതാലി രാജ് ഹൈദരാബാദിൽ നടന്ന ചടങ്ങിൽ ദൗത്യം ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ടത്തിൽ തെലങ്കാനയിലെ ഹൈദരാബാദ്, വനപർത്തി എന്നീ ജില്ലകളിലും കേരളത്തിൽ തിരുവനന്തപുരത്തുമാണ് പദ്ധതി നടപ്പിലാക്കുക.

അടുത്ത 12 മാസത്തിനുള്ളിൽ 12 കോടി രൂപ ചെലവിൽ 15 ലക്ഷം ഭക്ഷണം, 200 വീടുകളുടെ അറ്റകുറ്റപ്പണികൾ, 9,000 ഡിഗ്നിറ്റി കിറ്റുകൾ (വസ്ത്രങ്ങൾ, പാദരക്ഷകൾ ഉൾപ്പെടെ), 12,000 ഹെൽത്ത് ചെക്കപ്പ് ആരോഗ്യ പരിശോധനകൾ, 15 പഠനമുറികൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

## നവംബർ 30നകം കെവൈസി പുതുക്കൽ പൂർത്തിയാക്കണമെന്ന് പഞ്ചാബ് നാഷണൽ ബാങ്ക്

**ന്യൂഡൽഹി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾ അവരുടെ കെവൈസി (നോ യുവർ കസ്റ്റമർ) വിവരങ്ങൾ അടിയന്തരമായി പുതുക്കണമെന്ന് പഞ്ചാബ് നാഷണൽ ബാങ്ക് അറിയിച്ചു.

2025 സെപ്റ്റംബർ 30 വരെ കെവൈസി നവീകരണം ആവശ്യമുള്ള അക്കൗണ്ട് ഉടമകൾ തിരിച്ചറിയൽ രേഖ, മേൽവിലാസം തെളിയിക്കുന്ന രേഖ, പുതിയ ഫോട്ടോ, പാൻ കാർഡ് തുടങ്ങിയ വിവരങ്ങൾ 2025 നവംബർ 30നകം സമർപ്പിക്കണം. ഈ വിവരങ്ങൾ പിഎൻബി ബ്രാഞ്ചുകൾ വഴിയോ, പിഎൻബി വൺ മൊബൈൽ ആപ്പ്, ഇന്റർനെറ്റ് ബാങ്കിംഗ്, വാട്ട്സ്ആപ്പ്, എസ്എംഎസ് എന്നീ ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെയോ അപ്ഡേറ്റ് ചെയ്യാം.

നിശ്ചിത സമയപരിധിക്കുള്ളിൽ കെവൈസി നവീകരിക്കാത്ത അക്കൗണ്ടുകളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ വന്നേക്കാമെന്ന് ബാങ്ക് മുന്നറിയിപ്പ് നൽകുന്നു. അപരിചിത സ്രോതസ്സുകളിൽ നിന്നുള്ള ലിങ്കുകളോ ഫയലുകളോ ഡൗൺലോഡ് ചെയ്ത് കെവൈസി പുതുക്കരുതെന്ന് ബാങ്ക് മുന്നറിയിപ്പ് നൽകി.

## ‘ഏക് താരാ ടെസ്റ്റ്’ ക്യാമ്പയിനുമായി ടൈറ്റൻ ഐ പ്ലസ്

**കൊച്ചി:** കുട്ടികളിലെ കാഴ്ച പ്രശ്നങ്ങൾ കണ്ടെത്തുന്നതിനുള്ള ലളിതവും രസകരവുമായ ഒരു പ്രാഥമിക നേത്ര പരിശോധനാ രീതി പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ‘ഏക് താര ടെസ്റ്റ്’ എന്ന പേരിലുള്ള ക്യാമ്പയിന് ടൈറ്റൻ ഐ പ്ലസ് തുടക്കമിട്ടു. പണ്ട് കാലത്ത് വേട്ടക്കാരുടെ കാഴ്ച പരിശോധിക്കാനായി നിർദ്ദേശിച്ചിരുന്ന രീതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് കുട്ടികൾക്കുള്ള ഈ നേത്ര പരിശോധനാ രീതി രൂപപ്പെടുത്തിയിരിക്കുന്നത്.

പഴയകാലത്ത് വേട്ടക്കാരുടെ കാഴ്ചശക്തി പരിശോധിച്ചിരുന്നത് സപ്തർഷി നക്ഷത്രസമൂഹത്തിലെ രണ്ട് വ്യത്യസ്ത നക്ഷത്രങ്ങളായ അൽകോർ, മിസാർ എന്നിവയെ കാണാനുള്ള അവരുടെ കഴിവ് നോക്കിയായിരുന്നു. രണ്ട് നക്ഷത്രങ്ങളെയും കാണാൻ കഴിയുന്നവർക്ക് മികച്ച കാഴ്ചശക്തിയുണ്ടെന്ന് കണക്കാക്കപ്പെട്ടിരുന്നു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപപ്പെടുത്തിയതാണ് ‘ഏക് താര ടെസ്റ്റ്‘. കുട്ടികളെ ഇരുട്ടിൽ സപ്തർഷി നക്ഷത്രസമൂഹവുമായി പൊരുത്തപ്പെടുത്താൻ അനുവദിക്കുന്ന ലളിതമായ ഒരു നക്ഷത്രകണ്ടെത്തൽ സഹായിയാണ് ഇത്. കളിയിലൂടെയുള്ള ഈ പരിശോധന കണ്ണട ആവശ്യമുള്ള കുട്ടികൾക്കുള്ള ഒരു പ്രാഥമിക സ്ക്രീനിംഗായി മാറും. അഞ്ചിൽ ഒരു കുട്ടിക്ക് വീതം കാഴ്ച മങ്ങൽ അനുഭവപ്പെടുന്നുവെന്നും അവരിൽ ഗണ്യമായ ഒരു വിഭാഗം നിശബ്ദമായി കഷ്ടപ്പെടുകയാണെന്നും ടൈറ്റൻ കമ്പനി ലിമിറ്റഡ് ഐകെയർ വിഭാഗം മാർക്കറ്റിംഗ് മേധാവി മനീഷ് കൃഷ്ണമൂർത്തി പറഞ്ഞു.

# സൗത്ത് ഇന്ത്യൻ ബാങ്ക് വനിതകൾക്കായി എസ്ഐബി ഹെർ പ്രീമിയം സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് വനിതകൾക്ക് വേണ്ടി മാത്രമായി രൂപകൽപ്പന ചെയ്ത എസ്ഐബി ഹെർ എന്ന പേരിൽ പ്രീമിയം സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു. സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനും അവർക്ക് മികച്ച നേട്ടം നൽകുന്നതിനും ലക്ഷ്യമിട്ടുള്ള ഈ അക്കൗണ്ട്, സാമ്പത്തികപരമായ നേട്ടങ്ങൾക്കൊപ്പം വ്യക്തിഗത ക്ഷേമവും സൗകര്യവും സംയോജിപ്പിച്ചുകൊണ്ട് ആകർഷകമായ ബാങ്കിംഗ്, ലൈഫ്സ്റ്റൈൽ തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നു.

പ്രീമിയം ഡെബിറ്റ് കാർഡ്, ലോക്കർ വാടകയ്ക്ക് ഇളവുകൾ, റീട്ടെയിൽ ലോൺ ഇളവുകൾ, കുടുംബാംഗങ്ങൾക്കായുള്ള ആഡ് ഓൺ അക്കൗണ്ടുകൾ, സമഗ്രമായ ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയ നിരവധി പ്രത്യേക ആനുകൂല്യങ്ങളാണ് ഈ അക്കൗണ്ടിലൂടെ ലഭ്യമാകുന്നത്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സ്ത്രീകൾക്ക് മികച്ച സേവനം ലഭ്യമാക്കാനുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രതിബദ്ധതയ്ക്കുള്ള ഉദാഹരണം കൂടിയാണിത്.

18 നും 54 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കാണ് 'എസ്ഐബി ഹെർ അക്കൗണ്ട്' ലഭ്യമാകുക. ഉപഭോക്താക്കൾ 50,000 രൂപ പ്രതിമാസ ബാലൻസ് നിലനിർത്തേണ്ടതുണ്ട്. എങ്കിലും, 1 ലക്ഷം രൂപ സ്ഥിര നിക്ഷേപം നിലനിർത്തുകയോ അല്ലെങ്കിൽ മുൻ മാസം 50,000 രൂപയുടെ ഡെബിറ്റ് കാർഡ് ഇടപാടുകൾ നടത്തുകയോ ചെയ്താൽ ഈ ബാലൻസ് വ്യവസ്ഥയിൽ പൂർണമായ ഇളവ് ലഭിക്കും. ഈ പുതിയ സേവനത്തിലൂടെ അക്കൗണ്ട് ഉടമകൾക്ക് ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് ഓട്ടോ സ്വീപ്പ് സൗകര്യം വഴി ഉയർന്ന പലിശ നേടാനാകും. കൂടാതെ, പ്രീമിയം 'ഹെർ' ഡെബിറ്റ് കാർഡ് ഉപയോഗിച്ച് പരിധിയില്ലാത്ത എടിഎം പിൻവലിക്കലുകളും കോംപ്ലിമെന്ററി ലോഞ്ച് പ്രവേശനവും ആസ്വദിക്കാം.

അക്കൗണ്ട് ഉടമകൾക്ക് തികച്ചും സൗജന്യമായി 1 കോടി രൂപയുടെ എയർ ആക്സിഡന്റ് ഇൻഷുറൻസും 1 ലക്ഷം രൂപ വ്യക്തിഗത അപകട പരിരക്ഷയായും ലഭിക്കും. 25 ലക്ഷം വരെയുള്ള കാൻസർ കെയർ ഇൻഷുറൻസ് കവറിന്റെ പ്രീമിയത്തിൽ പ്രത്യേക കിഴിവ് ലഭ്യമാണ്. ലോക്കർ വാടകയ്ക്ക് 50% ഇളവ്, ഷോപ്പിംഗ്, ലൈഫ്സ്റ്റൈൽ, ആരോഗ്യം, ക്ഷേമം എന്നിവയിൽ എക്സ്ക്ലൂസീവ് ഓഫറുകൾ, സാമ്പത്തിക നേട്ടങ്ങൾ ആഘോഷിക്കുന്ന മൈൽസ്റ്റോൺ റിവാർഡുകൾ എന്നിവയും ഉപഭോക്താക്കൾക്ക് ലഭിക്കും. ഭവന, വാഹന, വ്യക്തിഗത വായ്പകൾക്ക് 50% പ്രോസസ്സിംഗ് ഫീസ് ഇളവുകൾ നൽകുന്നു.

2 കോടി രൂപയും അതിനു മുകളിലുള്ള ലൈഫ് കവറിനായുള്ള ടേം ഇൻഷുറൻസിൽ പ്രത്യേക പ്രീമിയം കിഴിവുകളും എസ്ഐബി ഹെർ അക്കൗണ്ടിലൂടെ ലഭ്യമാകും. നെഫ്റ്റ്, ആർടിജിഎസ്, ഐഎംപിഎസ്, ഡിമാൻഡ് ഡ്രാഫ്റ്റുകൾ, ചെക്ക് ബുക്കുകൾ എന്നിവയുൾപ്പെടെയുള്ള ബാങ്കിംഗ് ഇടപാടുകൾക്ക് ചാർജുകളില്ലാത്ത സൗജന്യ ബാങ്കിംഗ് ഇടപാടുകളും ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. എസ്ഐബി ഹെർ അക്കൗണ്ടിലൂടെ ഹെർ ഹെവൻ (ഭവന വായ്പ), വാഹന വായ്പ, ഹെർ പവർ ബിസിനസ് വായ്പ എന്നിവയും ലഭ്യമാകുന്നു. ഇത് പ്രോസസ്സിംഗ് ഫീസിലും പലിശ നിരക്കുകളിലും ആകർഷകമായ ഇളവുകളും നൽകും. ഡെബിറ്റ് കാർഡ് വഴിയുള്ള എക്സ്ക്ലൂസീവ് ഹെർ മൈൽസ്റ്റോൺ റിവാർഡുകളും ഉപഭോക്താക്കൾക്ക് നേടാനാകും.

# ബൈറ്റ്എക്സ്എൽ ഹാക്കർറാങ്ക് പങ്കാളിത്തം

**ഹൈദരാബാദ്:** പ്രമുഖ എഡ്ടെക് കമ്പനിയായ ബൈറ്റ്എക്സ്എൽ കോഡിംഗ് പ്ലാറ്റ്ഫോമായ ഹാക്കർറാങ്കുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ സഹകരണത്തിലൂടെ, ടയർ 2 & 3 കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ആഗോള നിലവാരത്തിലുള്ള കോഡിംഗ് പരീക്ഷകളിലേക്കും മോക്ക് ടെക്നിക്കൽ അഭിമുഖങ്ങളിലേക്കും നേരിട്ട് പ്രവേശനം ലഭിക്കും. കൂടാതെ, വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ ആഗോള നിലവാരവുമായി താരതമ്യം ചെയ്യാനും എഐയുടെ സഹായത്തോടെ ഫീഡ്ബാക്ക് നേടാനും ഇത് അവസരമൊരുക്കുന്നു.

ആമസോൺ, മൈക്രോസോഫ്റ്റ് എന്നിവയുൾപ്പെടെ 2,800ലധികം കമ്പനികൾ ഉപയോഗിക്കുന്ന ഹാക്കർറാങ്കിന്റെ പ്ലാറ്റ്ഫോം, ഈ സഹകരണത്തോടെ ബൈറ്റ്എക്സ്എൽ ലേണിംഗ് ഇക്കോസിസ്റ്റത്തിലേക്ക് സംയോജിപ്പിക്കും. ഇത് വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ ആഗോള നിലവാരവുമായി താരതമ്യം ചെയ്യാനും, അഭിമുഖങ്ങളിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള ഫീഡ്ബാക്ക് നേടാനും കഴിയും.





